2017

# സ്ത്രീനോവൽ പഠനങ്ങൾ

എഡിറ്റർ : ഡോ.കെ.കെ.ശിവദാസ്



കപ്പലിനെക്കുറിച്ച് ഒരു വിചിത്രപുസ്തകം, വിലാപ്പുറങ്ങൾ, പിറ, നീലക്കൊടുവേലിയുടെ കാവൽക്കാരി, നടവഴിയിലെ നേരുകൾ, ഗ്രാന്റ് ഫിനാലെ, ചിത്തിരപുരത്തെ ജാനകി, പ്രണയസമീരേ, സിൽവർ ജെയിംസ്, ഭൂമിമാനസം, കാട്ടാളി, പാമ്പും കോണിയും എന്നീ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ പ്രസിദ്ധീകരിക്കപ്പെട്ട ശ്രദ്ധേയമായ പന്ത്രണ്ട് സ്ത്രീനോവലുകളുടെ പഠനങ്ങൾ. മലയാളത്തിലെ സ്ത്രീനോവലിന്റെ ലഘുചരിത്രവും ഉൾക്കൊള്ളുന്ന പുസ്തകം. സാഹിത്യവിദ്യാർത്ഥികൾക്കും അധ്യാപകർക്കും സഹായകമായ ഒരു റഫറൻസ് ഗ്രന്ഥം

Paridhi Publications

ISBN 8819097001-1

9788819097008 00482

പരിധി

# സ്ത്രീനോവൽ പഠനങ്ങൾ

എഡിറ്റർ

ഡോ. കെ. കെ. ശിവദാസ്

5. സ്ത്രീധിഷണയുടെ സർഗവ്യാപാരം 63
ഡോ.എം.എസ്.സുചിത്ര
*സിൽവർ ജെയിംസ് (2004)*
*- ഭദ്ര എൻ.മേനോൻ*

6. ദ്വന്ദ്വങ്ങളും സംഘർഷങ്ങളും 69
ഡോ.എൻ.ബിജി
*ചിത്തിരപുരത്തെ ജാനകി (2014)*
*- ഉഷാകുമാരി*

7. പെൺവഴിയിലെ നോവടരുകൾ 83
പി.വി.സ്വപ്നമോൾ
*നടവഴിയിലെ നേരുകൾ (2015)*
*- ഷെമി*

8. ദേശത്തിന്റെ ആത്മശൈഥില്യം 97
പി.കൃഷ്ണദാസ്
*കാട്ടാളി (2008)*
*- എ.പി.ജ്യോതിർമയി*

9. സമീകരണത്തിന്റെ പാഠങ്ങൾ 102
ടോണി ജോസഫ്
*പ്രണയസമീരേ (2011)*
*- കെ.പി.സുധീര*

10. ആത്മവിപ്ലവത്തിന്റെ അതിർവരമ്പുകൾ 107
ഡോ.എസ്.അജയഘോഷ്
*പിറ (2004)*
*- സി.എസ്.ചന്ദ്രിക*

11. വിലാപങ്ങൾക്കപ്പുറം 116
ലക്ഷ്മി രാധാകൃഷ്ണൻ
*വിലാപ്പുറങ്ങൾ (2014)*
*- ലിസി*

12. മരണകേളികൾ 125
ശ്രീക്കുട്ടി തങ്കപ്പൻ
*ഗ്രാൻഡ് ഫിനാലെ (2014) - തനൂജ ഭട്ടതിരി*

## അനുബന്ധം

1. സ്ത്രീകൾ എഴുതിയ നോവലുകൾ: ലഘുചരിത്രം 131
പി.വി.സ്വപ്നമോൾ

2. നോവലിസ്റ്റുകൾ - ലഘുജീവിതരേഖ 144

3. ലേഖകപരിചയം 149

ന്നതും ആത്മഹത്യയിലഭയം തേടുന്നതും വേദനാജനകമായി നോവലിസ്റ്റ് വിവരിക്കുന്നത് ഉദാഹരണം.

വ്യത്യസ്ത തരംഗദൈർഘ്യം കൊണ്ട് നിർമ്മിക്കപ്പെട്ട പെൺ ജീവിതങ്ങളെ അടുക്കിവെക്കുകയാണ് നോവലിസ്റ്റ്. അവനിയെന്ന കേന്ദ്രകഥാപാത്രത്തിന്റെ ചില വകഭേദങ്ങളായി അവർ ചിലപ്പോൾ നോവലിൽ പ്രത്യക്ഷപ്പെടുന്നു. പുരുഷകേന്ദ്രിത സാമൂഹിക ജീവിതക്രമത്തെ പാടെ തിരസ്കരിച്ചുകൊണ്ട് തന്റേതായ ജീവിതവട്ടം സൃഷ്ടിക്കാൻ മാതൃകകൾ നിർമ്മിക്കുന്ന സമീപകാലത്തെ സ്ത്രീ എഴുത്തിൽനിന്നും ഒരല്പം വിഭിന്നമാണ് എം.ബി.മിനിയുടെ നോവൽ. ഏതൊക്കെയോ കാരണങ്ങൾ കൊണ്ട് നിസ്സഹായരായിപ്പോകുന്ന സ്ത്രീകളെ അതിസങ്കീർണതകളൊന്നുമില്ലാതെ, തികഞ്ഞ കൈയടക്കത്തോടെ ഭൂമിമാനസം അവതരിപ്പിക്കുന്നു.



# 5

## സിൽവർ ജെയിംസ്
## സ്ത്രീധിഷണയുടെ സർഗവ്യാപാരം

ഡോ.എം.എസ്.സുചിത്ര

കുട്ടികളെന്നോ മുതിർന്നവരെന്നോ ഉള്ള ഭേദമെന്യേ പാരായണാസക്തിയെ ജ്വലിപ്പിക്കുന്ന വായനാനുഭവങ്ങളുടെ ലോകമാണ് അപസർപ്പകരചനകൾ പകർന്നു നൽകുന്നത്. ഒരു കാലത്ത് വായനയിൽ തരംഗം തന്നെ സൃഷ്ടിച്ചിരുന്ന വിഭാഗമായിരുന്നു ഇത്. അദ്ഭുതവും ഭീതിയും ഉദ്വേഗവും സൃഷ്ടിച്ച് അനുവാചകമനസ്സിനെ ത്രസിപ്പിച്ചിരുന്ന അപസർപ്പകനോവലിന്റെ സ്ഥാപിതത്വം കാലപരിവർത്തനത്തിന്റെ അനിവാര്യമായ ഒഴുക്കിൽ ഇളകിപ്പോയെങ്കിലും ഒരു ചെറിയ ശതമാനം വായനക്കാർ ഇന്നും ഇത്തരം കൃതികളുടെ ആരാധകരായുണ്ട്. ഗ്രന്ഥകർത്താവിനെക്കാളും കഥാപാത്രത്തിന് പ്രശസ്തി കൈവരുന്ന അപൂർവസൗഭാഗ്യം സിദ്ധിക്കുന്നതും ഈ മേഖലയിലാണ്. ആർതർ കോനൻ ഡോയലിന്റെ ഷെർലക് ഹോംസ് ഒരുദാഹരണം. ഹോംസിനൊപ്പം സ്ഥാനം നേടിയ മറ്റൊരു കഥാപാത്രമാണ് അഗതാ ക്രിസ്റ്റിയുടെ ഹെർക്യൂൻ പൊയിറോ. ഏൾ സ്റ്റാൻലി ഗാർഡ്നറുടെ പെരി മേസണും ഇത്തരത്തിൽ വിഖ്യാതി നേടിയെടുത്ത കഥാപാത്രമാണ്. തങ്ങളുടെ കഥാപാത്രങ്ങളിലൂടെയല്ലെങ്കിലും പ്രമാണിത്തം സ്ഥാപിച്ചെടുത്ത വിൽക്കി കോളിൻസ്, ജി.കെ.ചെസ്റ്റർടൺ, ജോർജ് സിമനോൺ എന്നിവരുടെ രചനകളും വൈദേശിക സാഹിത്യത്തിൽ ശ്രദ്ധേയമായ വിധം ഇടം നേടിയവയാണ്.